**<u>ഭരണ ഭാഷ മാതൃഭാഷ</u>**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം,
ന്യൂ DPI ബിൽഡിംഗ്സ്,
ഉള്ളൂർ ലെയിൻ,ജഗതി
തിരുവനന്തപുരം
ഫോൺ: 0471-2580737

**സി.ജി & എ.സി-2/18047/2024/എച്ച്.എസ്.ഇ** **തീയതി:10-01-2025**

**<u>സർക്കുലർ</u>**

**വിഷയം**-പൊ.വി.വ – ഹ.സെ.വി – സി.ജി &എ.സി – വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതി 2024-25 – CDC – '**Life style Disease Screening and Intervention Programme**' – രണ്ടാം ഘട്ട സ്ക്രീനിങ്ങ് - സംബന്ധിച്ച്.

**സൂചന**-സർക്കാർ ഉത്തരവ് നമ്പർ GO(Rt).No.4395/2024/GEdn തീയ്യതി 12/07/2024.

വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതി 2024-25 വർഷം വിദ്യാലയങ്ങളിൽ നടത്തുന്നതിന് മേൽ സൂചന പ്രകാരം സർക്കാരിൽ നിന്നും ഭരണാനുമതി ലഭിക്കുകയും ആയതിന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ജീവിതശൈലി രോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി കരിയർ ഗൈഡൻസ് ആന്റ് അഡോളസന്റ് കൗൺസലിങ്ങ് സെൽ CDC തിരുവനന്തപുരത്തിന്റെ സഹായത്തോടെ ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ ഒന്നാംഘട്ട സ്ക്രീനിംഗ് നടത്തുകയും ആരോഗ്യവിദഗ്ധരുടെ സഹായത്തോടെ ബോധവൽക്കരണം നടത്തുകയും ചെയ്തിരുന്നു.

ഒന്നാംഘട്ട സ്ക്രീനിങ്ങിൽ രക്തസമ്മർദ്ദം, BMI എന്നിവ സാധാരണയിൽ കൂടുതലുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ്, ഹെൽത്ത് കാർഡ്, ബുക്ക് ലെറ്റ് എന്നിവ എല്ലാ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലേക്കും അയക്കുകയുണ്ടായി. എന്നാൽ ചില സ്കൂളുകൾ അവ ലഭിക്കാത്തതായി അറിയിക്കുകയും അവ വീണ്ടും അയക്കുകയും ചെയ്തിട്ടുണ്ട്.

**ഒന്നാംഘട്ട സ്ക്രീനിങ്ങിൽ വ്യത്യാസം രേഖപ്പെടുത്തിയ വിദ്യാർത്ഥികളുടെ മാത്രം (സ്കൂളുകളിലേക്ക് അയച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ്- ടേബിൾ 1) രണ്ടാംഘട്ട സ്ക്രീനിങ്ങ് നടത്തേണ്ടതും** അത് ഹെൽത്ത് കാർഡിൽ രേഖപ്പെടുത്തേണ്ടതുമാണ്. ആയതിനായി തൊട്ടടുത്തുള്ള ആരോഗ്യകേന്ദ്രം/നഴ്സിങ്ങ് സ്കൂൾ എന്നിവിടങ്ങളിലെ നഴ്സുമാരുടെ സഹായം പ്രിൻസിപ്പൽമാർക്ക് തേടാവുന്നതാണ്.രണ്ടാം ഘട്ട സ്ക്രീനിംങ്ങ് നടത്തിയ ശേഷം ലഭിച്ച വിവരങ്ങൾ താഴെ നൽകിയ ഫോർമാറ്റിൽ **cdctvpmresearch@gmail.com** എന്ന ഇ മെയിൽ അഡ്രസ്സിൽ ജനുവരി 31 നകം ലഭ്യമാക്കേണ്ടതാണ്.

| Name | Gender | Name of School | School Code | Subject | Division | Roll No. | Systolic BP | Diastolic BP | Height | Weight | Referral Status |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

**JOINT DIRECTOR**

ജോയിന്റ് ഡയറക്ടർ

(അക്കാഡമിക്)

Signed by
Shajitha S
Date: 10-01-2025 07:50:56